# ബാൽതാക്കറെയുടെ ആഹ്വാനം

**മഹാരാഷ്ട്രയിലെ** താനെയിലും വാഷിയിലും സിനിമാ തിയേറ്ററുകൾ ബോംബ് വെച്ച് തകർക്കാൻ നടന്ന ഭീകരശ്രമത്തിന്റെ പേരിൽ സനാതൻ സൽസ്ഥാന്റെയും ഹിന്ദുജന ജാഗ്രതാ സമിതിയുടെയും ആറു പ്രവർത്തകരെ പോലീസ് ഈയിടെ അറസ്റ്റ് ചെയ്യുകയുണ്ടായി. പ്രതികളുടെ വീടുകളിൽനിന്ന് വൻതോതിൽ ആയുധങ്ങളും സ്ഫോടകവസ്തുക്കളും പിടിച്ചെടുക്കുകയും ചെയ്തു. എന്തുകൊണ്ടോ ദേശീയതലത്തിൽ ഇത് അത്ര വലിയ വാർത്തയായില്ല. എങ്കിലും സംഭവം ശിവസേനാ അധ്യക്ഷൻ ബാൽതാക്കറെയെ അത്യധികം കോപിഷ്ഠനാക്കിയിരിക്കുന്നു. ഹിന്ദുത്വയുടെ ഭാഗത്തുനിന്ന് ഇത്തരമൊരു ഭീകരാക്രമണ നീക്കമുണ്ടായതിലല്ല അദ്ദേഹത്തിന്റെ കോപം. അതിന്റെ പേരിൽ ആറ് ഹിന്ദുത്വ പ്രവർത്തകരെ അറസ്റ്റ് ചെയ്തതാണ് താക്കറെയെ പ്രകോപിപ്പിച്ചത്. ഇതു സംബന്ധിച്ച് ശിവസേനയുടെ മുഖപത്രമായ *സാംന*യിൽ എഴുതിയ മുഖപ്രസംഗത്തിൽ 'ഇസ്ലാമിക ഭീകരത'ക്കെതിരെ ഹിന്ദുചാവേർ സ്കോഡുകൾ രൂപീകരിക്കാൻ ബാൽതാക്കറെ ഹിന്ദുക്കളെ ആഹ്വാനം ചെയ്തിരിക്കുകയാണ്. വിചിത്രമെന്നു പറയട്ടെ, അത്യാപത്കരവും ദേശവിരുദ്ധവുമായ ഈ ആഹ്വാനം ദേശീയതലത്തിൽ ഒരു വിവാദം പോലും ആവുകയുണ്ടായില്ല. തങ്ങളതൊന്നും കണ്ടിട്ടേയില്ല എന്ന ഭാവത്തിലാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ. വിഘടനവാദപരമായ പ്രസ്താവനകളുടെ പേരിൽ, ധൈര്യമുണ്ടെങ്കിൽ തനിക്കെതിരെ നടപടിയെടുക്കൂ എന്ന് ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡി കേന്ദ്ര ഗവൺമെന്റിനെ വെല്ലുവിളിച്ചതും ഈയിടെയാണ്. അതുമില്ല കേന്ദ്ര ഗവൺമെന്റിനു കേട്ടഭാവം. താക്കറെയുടേതുപോലുള്ള ആഹ്വാനമോ മോഡിയുടേതുപോലുള്ള പ്രസ്താവനയോ ഒരു മുസ്ലിം നേതാവിൽനിന്നുണ്ടാവുകയാണെങ്കിൽ രാജ്യത്ത് അത് സൃഷ്ടിക്കുന്ന കോലാഹലം എന്തായിരിക്കുമെന്ന് ഒന്ന് സങ്കൽപിച്ചു നോക്കുന്നത് കൗതുകകരമായിരിക്കും.

ഇന്ത്യയിൽ ഭീകരസംഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി ദിനേന നമ്മെ ഞെട്ടിച്ചുകൊണ്ടിരിക്കുകയാണ്. അനേകം പേർ കൊല്ലപ്പെടുന്നു. അതിലേറെ പേർക്ക് പരിക്കേൽക്കുന്നു. ജനം മൊത്തത്തിൽ ചകിതരാകുന്നു. സർക്കാറുകൾ നിസ്സഹായരായി നാണം കെട്ടുനിൽക്കുന്നു. ആരാണിതിന്റെയൊക്കെ പിന്നിൽ? എങ്ങനെ ഇതിനറുതിവരുത്താം? ഇതിനു സർക്കാറിന്റെ കൈയിൽ അച്ചടിച്ചുവെച്ച ഉത്തരമുണ്ട്: എല്ലാറ്റിനും പിന്നിൽ 'ഇസ്ലാമിക ഭീകരന്മാർ'. ജെയ്ശെ മുഹമ്മദ്, ലഷ്കറെ ത്വയ്യിബ, ഹർകത്തുൽ മുജാഹിദീൻ, സിമി.... അവയെ സർവശക്തിയുമുപയോഗിച്ച് അടിച്ചമർത്തുകയാണ് സ്ഫോടനങ്ങൾ അവസാനിപ്പിക്കാനുള്ള മാർഗം. ശത്രുവിനെ തിരിച്ചറിയുകയും ഭയങ്കരമായ തിരിച്ചടി തുടങ്ങുകയും ചെയ്തിട്ട് വർഷങ്ങളേറെയായി. പക്ഷേ, ഭീകരാക്രമണങ്ങൾ മുന്നോട്ടുതന്നെ. തങ്ങൾ കണ്ടെത്തിയ കാരണവും സ്വീകരിച്ച പരിഹാര മാർഗവും യാഥാർഥ്യം തന്നെയാണോ അതല്ല സാങ്കൽപികമാണോ എന്ന് ചിന്തിക്കാൻ ഉത്തരവാദപ്പെട്ടവർ ഒരിക്കലും തയാറാകുന്നില്ല. ഫലം ഭീകരസംഭവങ്ങളിലെ യഥാർഥ പ്രതികൾ അനായാസം രക്ഷപ്പെടുന്നു. അവർ സംശയിക്കപ്പെടുന്നേയില്ല. കുറേ നിരപരാധികളായ മുസ്ലിം യുവാക്കൾ അറസ്റ്റ് ചെയ്യപ്പെടുന്നു. ക്രൂരമായ മർദനങ്ങൾക്കിരയാക്കപ്പെടുന്നു. പീഡിപ്പിച്ച് കുറ്റം ഏറ്റെടുപ്പിക്കുന്നു. തെളിവുകളും തൊണ്ടികളും സംഘടിപ്പിക്കപ്പെടുന്നു....

പല സംഭവങ്ങളിലും ഹിന്ദുത്വയുടെ ഇടപെടലിന് പ്രബലമായ തെളിവുകളുള്ളപ്പോഴാണ് ഇങ്ങനെയൊക്കെ നടക്കുന്നത്. ബോംബ് പൊട്ടുന്നത് പള്ളിയിലാവട്ടെ, പാർലമെന്റിലാവട്ടെ, തീവണ്ടിയിലാവട്ടെ, എവിടെയായാലും അറസ്റ്റ് ചെയ്യപ്പെടുന്നത് മുസ്ലിംകളായിരിക്കണം. കുറേക്കാലമായി നടന്നുവരുന്ന അലംഘനീയമായ ചട്ടമാണിത്. 2006-ൽ നന്ദേഡിലെ ഒരു ബജ്റംഗ്ദൾ നേതാവിന്റെ വീട്ടിൽ ബോംബ് സ്ഫോടനമുണ്ടായി. സംഭവസ്ഥലത്തുനിന്ന് കണ്ടെടുത്ത കൃത്രിമത്താടികളും മുസ്ലിം പാരമ്പര്യ വസ്ത്രങ്ങളായ ലുങ്കി, സാൽവാർ, ഖമീസ്, തൊപ്പി തുടങ്ങിയവയും ഒരു കാര്യം വ്യക്തമാക്കി. ബോംബിന്റെ ഉടമകൾ ബജ്റംഗ്ദളുകാർ തന്നെ. സ്ഫോടനം നടത്തി മുസ്ലിംകളുടെ പേരിൽ ആരോപിക്കാനുള്ള പദ്ധതിയായിരുന്നു. നിർമാണ സ്ഥലത്തുനിന്ന് പുറപ്പെടാനൊരുങ്ങുമ്പോൾ അബദ്ധത്തിൽ സ്ഫോടനമുണ്ടായി. പരിക്കേറ്റ ബജ്റംഗ്ദൾ പ്രവർത്തകരെ പോലീസ് ആശുപത്രികളിൽ കണ്ടെത്തുകയും ചെയ്തു. എങ്കിലും നന്ദേഡ് സ്ഫോടനത്തിന്റെ വേരുകൾ തേടിപ്പോകാൻ പോലീസ് താൽപര്യപ്പെട്ടില്ല. മാലിഗോൺ മസ്ജിദ് സ്ഫോടനത്തിൽ മരിച്ചവരിൽ അജ്ഞാതനായ ഒരാൾ കൃത്രിമത്താടി വെച്ചിരുന്നു. തെങ്കാശി ആർ.എസ്.എസ് കാര്യാലയത്തിലെ സ്ഫോടനം അന്വേഷിച്ച പോലീസ് ഒടുവിൽ ചെന്നെത്തിയത് ആർ.എസ്.എസ് പ്രവർത്തകരിൽ തന്നെ. സ്വന്തം ഓഫീസിൽ സ്ഫോടനം നടത്തി, അത് മുസ്ലിംകളിൽ ആരോപിച്ച് വർഗീയ കലാപത്തിന് തീകൊളുത്തുകയായിരുന്നു ലക്ഷ്യം.

ഹിന്ദുത്വത്തിന്റെ ഭീകരവിക്രിയകൾക്ക് തടയിടാനോ അതിന് പ്രചോദനം നൽകുന്ന ശക്തികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാനോ സർക്കാറുകൾക്ക് താൽപര്യമില്ല. രാജ്യത്തെ ഗ്രസിച്ച വോട്ടു ബാങ്ക് രാഷ്ട്രീയം സ്ഥിതിഗതികൾ വഷളാക്കുന്നതിൽ നല്ല പങ്കുവഹിക്കുന്നുണ്ട്. ഭൂരിപക്ഷ വിഭാഗത്തിൽ തങ്ങൾക്കുള്ള വോട്ടുകൾ ചോർന്നുപോകുമോ എന്ന ഭയം ഉറച്ച നടപടികളിൽനിന്ന് സ്റ്റേറ്റ്-സെൻട്രൽ ഗവൺമെന്റുകളെ ഒരുപോലെ തടയുന്നു. ധാർമികമായി മാത്രമല്ല, ഭരണതന്ത്രപരമായും നീതീകരിക്കാനാവാത്തതും ആപത്കരവുമാണ് ഈ നിലപാട്. വിധ്വംസക ശക്തികൾക്കെതിരെ മുഖം നോക്കാതെ ഉറച്ച നടപടികളെടുക്കുന്നത് ഹിന്ദു സമുദായത്തിൽനിന്നുള്ള കുറച്ചു വോട്ടുകൾ നഷ്ടപ്പെടുത്തിയേക്കാം. എന്നാൽ ആ സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങൾ തീവ്രവാദികളോ ഫാഷിസ്റ്റുകളോ അല്ല എന്ന സത്യം മറുവശത്തുണ്ട്. അക്രമകാരികൾക്കും കലാപകാരികൾക്കുമെതിരെ യുക്തവും ശക്തവുമായ നടപടികളെടുക്കുന്ന സർക്കാറുകൾക്കാണ്, സമാധാന പ്രിയരും നീതിബോധമുള്ളവരുമായ ഭൂരിപക്ഷത്തിന്റെ അനുഭാവവും പിന്തുണയും ലഭിക്കുക. രാജ്യത്ത് രാഷ്ട്രീയ സ്ഥിരതയും സാമുദായിക സൗഹാർദവും സംജാതമാക്കാനുള്ള ശരിയായ മാർഗവും അതാണ്.

ഹിന്ദു ചാവേർപ്പടക്കുള്ള ആഹ്വാനത്തിലൂടെ ബാൽതാക്കറെ ഹിന്ദുക്കളെ പ്രകോപിപ്പിക്കുകയാണെന്നാരോപിച്ചുകൊണ്ട് തമിഴ്നാട് മുസ്ലിം മക്കൾ കക്ഷി ചെന്നൈ പോലീസ് കമീഷണർക്ക് പരാതി സമർപ്പിച്ചത് ഒരു നല്ല പ്രതികരണമാണ്. ഇന്ത്യൻ നിയമവ്യവസ്ഥയിലെ വിവിധ വകുപ്പുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട്, ബാൽതാക്കറെക്കും നരേന്ദ്ര മോഡിക്കുമെതിരെ സർക്കാർ നിയമനടപടിയെടുക്കണമെന്ന് പ്രഗത്ഭ ചരിത്രകാരനായ അമരേഷ് മിശ്ര ആവശ്യപ്പെട്ടതും ശ്രദ്ധേയമാണ്. വിഘടന-വിധ്വംസക വികാരങ്ങൾക്ക് ഊർജം പകർന്ന് കച്ചവടം പൊടിപൊടിക്കുന്ന മരണത്തിന്റെ വ്യാപാരികളെ നിലക്ക് നിർത്താൻ രാജ്യസ്നേഹികളായ പ്രത്യുൽപന്നമതികൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. ■